

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ചേന്ദമംഗലം എൽ.പി. സ്കൂൾ

### ചോറോട്

Scanned with OKEN Scanner










Scanned with OKEN Scanner

# പൊതു വിദ്യാല വികസന യജ്ഞം

## രണ്ടാം ഘട്ടം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025–2026

ചേന്ദമംഗലം എൽ പി സ്കൂൾ

Scanned with OKEN Scanner

| ക്രമ നമ്പർ | ഉള്ളടക്കം |
|---|---|
| 1 | രൂപീകരണ പ്രക്രിയ |
| 2 | ആമുഖം<br>• വിദ്യാലയ ചരിത്രം |
| 3 | വിദ്യാലയം മികവിന്റെ കേന്ദ്രം |
| 4 | സ്കൂൾ ഡാറ്റ |
| 5 | പൊതുലക്ഷ്യങ്ങൾ |
| 6 | കുട്ടിയുടെ സമഗ്രചിത്രം-<br>വിലയിരുത്തൽ മേഖലകൾ |
| 7 | സമഗ്രചിത്രം അപഗ്രഥനം |
| 8 | വിഷയാടിസ്ഥാനത്തിൽ ലക്ഷ്യങ്ങൾ,<br>പരിഹാര പ്രവർത്തനങ്ങൾ : |
| | a) മലയാളം |
| | b) ഇംഗ്ലീഷ് |
| | c) പരിസരപഠനം |
| | d) ഗണിതം |
| | e) ആരോഗ്യ കായികവിദ്യാഭ്യാസം |
| 9 | ഭിന്നശേഷിക്കാർക്കൊരു കൈത്താങ്ങ് |
| 10 | സാമ്പത്തിക വിശകലനം |
| 11 | ഉപസംഹാരം |

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണ പ്രക്രിയ

എസ്.ആർ.ജി.

↓

സ്റ്റാഫ് കൗൺസിൽ

↓

പി.ടി.എ. എക്സിക്യൂട്ടീവ്

↓

അക്കാദമിക മാസ്റ്റർ പ്ലാൻ സ്വാഗതസംഘം

↓

ബ്രോഷർ വിതരണം, പൊതുജനാഭിപ്രായം സ്വീകരിക്കൽ

↓

രക്ഷകർത്തൃ വിദ്യാഭ്യാസം

↓

ക്രോഡീകരണം, അധ്യാപകരുടേയും രക്ഷിതാക്കളുടേയും നാട്ടുകാരുടേയും നിർദ്ദേശങ്ങൾ

↓

അക്കാദമിക മാസ്റ്റർ പ്ലാൻ കരട് അവതരണം

↓

അക്കാദമിക മാസ്റ്റർ പ്ലാൻ ശില്പശാല

↓

അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുജനസമക്ഷം സമർപ്പണം

Scanned with OKEN Scanner

# ആമുഖം

വടകര താലൂക്കിൽ ചോറോട് ഗ്രാമപഞ്ചായത്തിൽ 13-ാം വാർഡിലെ ഏക എയിഡഡ് വിദ്യാലയമാണ് ചേന്ദമംഗലം എൽ.പി.സ്കൂൾ. നാടിന്റെ ഹൃദയ വിദ്യാലയം.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ ഉയർച്ചയുടെ പടവുകൾ കയറുമ്പോഴും, പാവപ്പെട്ടവന് വിദ്യാഭ്യാസം കിട്ടാക്കനിയായി നിലനിൽക്കുകയായിരുന്നു. കേരളത്തിലെ സാമൂഹ്യ പരിഷകർത്താക്കൾ ഇത്തരം കാര്യങ്ങളിൽ അശ്രാന്ത പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ മിക്കവീടുകളിലും ദാരിദ്ര്യവും പട്ടിണിയും നടമാടിയിരുന്നു. ഇത്തരം ഒരവസ്ഥയിൽ ചേന്ദമംഗലം ദേശത്ത് പാവപ്പെട്ടവന് ആദ്യാക്ഷരത്തിന്റെ മണിമുത്തുകൾ വാരിവിതറുവാനാകും വിധം ഒരു സ്കൂൾ സ്ഥാപിക്കേണ്ടതിന്റെ ആവിശ്യകതയെപ്പറ്റി രണ്ട് വ്യക്തികൾ ചില സ്വപ്നങ്ങൾ കണ്ടുതുടങ്ങി. ഈ സ്വപ്നങ്ങൾ ഒരവസരത്തിൽ ചിന്തകളായി മാറുകയും ആ ചിന്തകൾ പിന്നീട് പൂവണിയുകയും ചെയ്തു. അങ്ങിനെ 1910 ൽ ആ മഹത് സംരംഭം ചേന്ദമംഗലം നാടിനായി സമർപ്പിക്കുകയും ചെയ്തു. ചേന്ദമംഗലം എൽ.പി.സ്കൂളിൽ ആദരണീയരായ പുതിയോട്ടിൽ രാമക്കുറുപ്പും, കണ്ണ്യോത്ത് കേളുക്കുറുപ്പുമായിരുന്നു സ്കൂളിന്റെ വിത്ത് പാകിയ മഹത് വ്യക്തികൾ.

അങ്ങിനെ ചേന്ദമംഗലം ദേശത്തിന് ഒരു പുതുയുഗപ്പിറവിയുണ്ടായി. അന്നുവരെ വരേണ്യവർഗ്ഗത്തിന് മാത്രം എത്തിപ്പിടിക്കുവാൻ കഴിയുമായിരുന്ന വിദ്യാലയവും വിദ്യാഭ്യാസവും ഇവരണ്ടും എന്തെന്ന്പോലും അറിയാത്തവർ മനസ്സിൽ അക്ഷരങ്ങളുടെ നീർമാതളത്തെ വിരിയിക്കുവാനും തന്റെ അവകാശങ്ങൾ ചോദിച്ചുവാങ്ങുവാൻ കെൽപ്പുണ്ടാകുവാനാവശ്യമായ

Scanned with OKEN Scanner

അറിവ് നേടിയെടുക്കാൻ പൂഴിയിൽ കൈവിരൽകൊണ്ട് വിദ്യാരംഭം കുറിച്ചു. വർഷങ്ങൾ ഓരോന്നും കടന്നുപോയി. സ്കൂൾ അതിന്റെ പുരോഗമനപാതയിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. കൂടെ പ്രദേശത്തെ ജനതയുടെ വിദ്യയും.

വിദ്യാഭ്യാസ നിലവാരത്തിൽ വന്ന ശോഷണം പുത്തൻ തലമുറയിലെ സ്കൂളുകളുടെ കടന്നുകയറ്റം, ഇംഗ്ലീഷ് മീഡിയത്തിന്റെ പുറകെയുള്ള ഓട്ടപ്പാച്ചിൽ, കളിസ്ഥലം ഉൾപ്പെടെ ഭൗതിക സാഹചര്യങ്ങൾ ഓരോന്നായി നഷ്ടപ്പെടുന്ന അവസ്ഥ ഇതെല്ലാം പ്രധാന കാരണങ്ങളായതോടെ സ്കൂൾ അൺ എക്കണോമിക് സ്ഥാപനമായി മാറാൻ തുടങ്ങി. എന്നിരുന്നാലും 2015 അധ്യയനവർഷം കഴിഞ്ഞതോടെ സ്കൂളിന്റെ ഇപ്പോഴത്തെ മാനേജ്മെന്റ് വളരെ സങ്കീർണ്ണമായ സമയത്ത് തികച്ചും സമയബന്ധിതമായി സ്കൂളിന്റെ ഭൗതിക സാഹചര്യം മാറ്റിമറിക്കുകയും അത് വളരെ നല്ല നിലയിലേക്ക് കൊണ്ടു വരികയും ചെയ്തു. പുത്തൻ പണക്കാരുടെ നെട്ടോട്ടപ്പാച്ചിലിനിടയിൽ കുത്തകക്കാരുടെ വെൺ മാളികപോലുള്ള ഇംഗ്ലീഷ് സ്കൂൾ അന്തഃസ്സിന്റെ പര്യായമാകുമ്പോൾ പാവപ്പെട്ടവന്റെ വിദ്യാഭ്യാസത്തിന്റെ നെടുംതൂണാണ് പൊതുവിദ്യാലയം എന്ന കാഴ്ചപ്പാടുതന്നെ മങ്ങിപ്പോവുകയാണ്. ചേന്ദമംഗലം എൽ.പി.സ്കൂളിൽ എല്ലാവരും ഒത്തുചേർന്ന വിദ്യാലയം.
കാരണം ഇംഗ്ലീഷ് മീഡിയത്തിന്റെ വലയങ്ങളിൽ രണ്ടുവർഷം കുടുങ്ങി അവിടുന്ന് ചേന്ദമംഗലം എൽ.പി.സ്കൂളിലേക്ക് ചേക്കേറിയവർ ഇന്ന് ധാരാളം.

2015-16 അധ്യയനവർഷം കേവലം 30 കുട്ടികൾ നിലനിന്നിരുന്ന ചേന്ദമംഗലം എൽ.പി.സ്കൂൾ ഇന്ന് 2017-18 ആകുമ്പോൾ 131 കുട്ടികളാൽ സമൃദ്ധമാണ്. പി.ടി.എയുടെയും അധ്യാപകരുടേയും നൂതനമാർന്ന വിദ്യാലയ സമീപനമാണ് ഈ മാറ്റത്തിന് ഹേതുവായത്. 'ലോകം മാറ്റി മറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം'. എന്ന നെൽസൺ മണ്ടേലയുടെ വാക്കുകൾ ഓർത്തുകൊണ്ട് ഓരോ കുട്ടിയും ഒരു

പ്രവർത്തിച്ചതിന്റെ ഫലമായി ചേന്ദമംഗലം എൽ.പി.സ്കൂൾ ഇന്ന് നാട്ടിൽ അഭിമാനത്തോടെ നിലനിൽക്കുന്നു. കോൺക്രീറ്റുകൾകൊണ്ടും, കോംപാക്റ്റ് ഡിസ്കുകൾകൊണ്ടും നാം സൃഷ്ടിക്കുന്ന നമ്മുടെ സമൂഹത്തിൽ ഇംഗ്ളീഷ് മീഡിയത്തിന്റെ പരിമിതികൾ തിരിച്ചറിഞ്ഞ് കുട്ടിയെ മരപ്പാവകളിൽനിന്ന് ജീവനുള്ള തുടിപ്പുകളായി മാറ്റാൻ പൊതുവിദ്യാലയത്തെ ആശ്രയിച്ച് എത്തിയ 25 ഓളം രക്ഷിതാക്കൾ ഇന്ന് സ്കൂളിനൊപ്പമുണ്ട്.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം നാളിതുവരെ ദർശിച്ചിട്ടില്ലാത്ത വിധമുള്ള മുന്നേറ്റത്തിനൊരുങ്ങുകയാണ്. സമൂഹപങ്കാളിത്തത്തോടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം. ഒന്നാംഘട്ടമായി 2016 മാർച്ച് 24-ാം തീയതി ചേന്ദമംഗലം എൽ.പി. സ്കൂളിൽ സമഗ്ര വിദ്യാലയ വികസന സെമിനാർ സംഘടിപ്പിച്ചിരുന്നു. സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷയ്ക്കൊത്ത് സ്കൂളിനെ പരിവർത്തിപ്പിക്കുന്നതിനുവേണ്ടി സാമൂഹിക, അക്കാദമിക ഭൗതിക മേഖലകളിൽ സമഗ്രമായ പദ്ധതികൾ സെമിനാറിൽ അവതരിപ്പിക്കുകയും അതിന്റെ ഫലമായി സ്കൂളിന്റെ മുഖച്ഛായതന്നെ നവീനമാകുകയും ചെയ്തു.

പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇവിടെ ദീർഘകാല അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടിയിരിക്കുന്നു. നാടിന്റെ സാമൂഹ്യ സാംസ്കാരിക പുരോഗതിയിൽ വലിയ പങ്കുവഹിച്ചിട്ടുള്ള ചേന്ദമംഗലം എൽ.പി.സ്കൂൾ കാലത്തിനനുസരിച്ച് വികസിക്കേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും സമഗ്ര വികാസം സാധ്യമായാൽ അത് വിദ്യാലയത്തിന്റെ സമഗ്ര വികാസമാണ്. അതു ഒരു ദേശത്തിന്റെ സമഗ്ര വികാസമാണ്. വിദ്യാലയ വികസന യജ്ഞത്തിന്റെ പാതയിൽ രണ്ടാംഘട്ട ചുവടുവെപ്പിനൊരുങ്ങുകയാണ് ചേന്ദമംഗലം എൽ.പി.സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ.

Scanned with OKEN Scanner

ചേന്ദമംഗലം എൽ.പി.സ്കൂളിനെ അന്താരാഷ്ട്ര മികവിലേക്ക് ഉയർത്താനുള്ള ആശയങ്ങൾ, സാധ്യതകൾ, പ്രയോഗങ്ങൾ ഇവയെല്ലാം കണ്ടെത്തി ഉപയോഗപ്രധമാക്കാനുള്ള പ്രയത്നത്തിന് ഇവിടെ ആരംഭം കുറിക്കുന്നു.

Scanned with OKEN Scanner

# മികവുകൾ

2015-16 അദ്ധ്യയനവർഷം കേവലം 30 കുട്ടികൾ നിലനിന്നിരുന്ന സ്കൂളിൽ 2016-17 അധ്യയന വർഷം 98 കുട്ടികളും, 2017-18 അധ്യയന വർഷം 131 കുട്ടികളും ചേന്ദമംഗലം എൽ.പി.സ്കൂളിൽ വിദ്യതേടി എത്തി.

2016-17 അധ്യയന വർഷംവരെ ബി.ആർ.സി.യിൽനിന്നും ഫോക്കസ് 2016 ന്റെ ഭാഗമായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ഭൗതികവും അക്കാദമികവുമായ ഗുണപരത ഉറപ്പാക്കുകയും വിദ്യാലയ ത്തിന്റെ മികവ് സമൂഹം തിരിച്ചറിഞ്ഞ് വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനുമായി ഏറ്റെടുത്ത ഞങ്ങളുടെ വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും അഭിനന്ദിച്ചുകൊണ്ട് പ്രശംസാപത്രം നൽകി അഭിനന്ദി ച്ചു.

2017-18 അധ്യയന വർഷം പഠനേതര മേഖലകളിൽ കുട്ടികൾ വളരെ മികവ് പുലർത്തി. ശാസ്ത്ര ഗണിത, പ്രവൃത്തിപരിചയ മേളകളിൽ പങ്കെ ടുത്ത എല്ലാ ഇനങ്ങളിലും കുട്ടികൾക്ക് മികച്ച പോയിന്റുകൾ നേടാൻ കഴി ഞ്ഞു. വളരെ മികവാർന്ന പ്രകടനം കാഴ്ചവെച്ച് കോക്കനട്ട് ഷെൽ പ്രോഡ ക്റ്റിൽ മത്സരിച്ച് ജില്ലാതലത്തിൽ ' എ ' ഗ്രേഡ് നേടി മൂന്നാംക്ലാസിലെ ദേവ ദത്ത് .എസ്.ഡി.

വടകര സബ് ജില്ലാ തലത്തിൽ കലോത്സവ വേളയിൽ ലളിതഗാനം, മല യാളം പദ്യംചൊല്ലൽ, ഇംഗ്ലീഷ് പദ്യം ചൊല്ലൽ എന്നിവയിൽ ' എ ' ഗ്രേഡ് നേടി രണ്ടാം ക്ളാസിലെ ആർദ്ര.വി.അനിൽ. കൂടാതെ ദേശഭക്തി ഗാനത്തിൽ സബ് ജില്ലാതലം ' എ ' ഗ്രേഡ് നേടി റിയ ബാബു, ദേവനന്ദ, ദിയ കൃഷ്ണ, ശ്രദ്ധ സജിത്, ഹൃദ്യ, പാർവ്വണ രാജീവ് മികവ് നേടി.

Scanned with OKEN Scanner

2025-2026

# സ്കൂൾ ഡാറ്റ

പ്രധാന അധ്യാപിക : ബിന്ദു സി എച്ച്

പിടി എ പ്രസിഡന്റ് : നവനീത് എൻ ആർ

പ്രൈമറി അധ്യാപകർ : 4(ആൺ 1+പെൺ 3)

പ്രീപ്രൈമറി അധ്യാപകർ : 2(2 പെൺ)

ഡിവിഷനുകളുടെ എണ്ണം : എൽ കെ ജി, യു കെ ജി, ഒരു ഡിവിഷൻ വീതം

ക്ലാസ് 1-4 ഒരു ഡിവിഷൻ വീതം

**കുട്ടികളുടെ എണ്ണം**

| സ്റ്റാൻഡേർഡ് | ആൺ | പെൺ | ആകെ |
|---|---|---|---|
| എൽ കെ ജി | 4 | 5 | 9 |
| യു കെ ജി | 5 | 5 | 10 |
| 1 | 4 | 5 | 9 |
| 2 | 7 | 10 | 17 |
| 3 | 5 | 7 | 12 |
| 4 | 10 | 7 | 17 |

**ആകെ കുട്ടികളുടെ എണ്ണം** 74

## പൊതു ലക്ഷ്യങ്ങൾ;

' വിദ്യാഭ്യാസം - കുട്ടികളുടെ സർവ്വതോന്മുഖ വികാസമാണ്'
ഇത് സാധ്യമാകണമെങ്കിൽ കൃത്യവും, സമഗ്രവുമായ മിനുക്കുപണികൾ ഇന്നത്തെ വിദ്യാലയ അന്തരീക്ഷത്തിൽ വരുത്തേണ്ടത് അനിവാര്യമാണ്. ചേന്ദമംഗലം എൽ.പി.സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി സ്വപ്നസമാനമായ വളർച്ചയിൽ എത്തിക്കുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യംവെക്കുന്നത്. അവ ഒറ്റ നോട്ടത്തിൽ പരിശോധിച്ചാൽ;

- ഒന്നുമുതൽ നാലുവരെ ക്ലാസുകളിലെ മുഴുവൻ കുട്ടികളിലും ഇംഗ്ലീഷ്, മലയാളം, ഗണിതം, പരിസര പഠനം, വിഷയമേഖലകളിലെ പഠനനേട്ടങ്ങൾ കൃത്യതയോടെ കൈമാറുന്നതിന്

- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനുവേണ്ടി, 4-ാം ക്ളാസിലെത്തുമ്പോഴേക്കും കുട്ടികൾ ക്ളാസ് തലത്തിൽ 'ഇംഗ്ളീഷ് മാഗസിൻ' തയ്യാറാക്കുന്നു.

- കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

- ഹലോ ഇംഗ്ളീഷ്

- മാതൃഭാഷ തെറ്റില്ലാതെ കൈകാര്യം ചെയ്യുന്നതനുവേണ്ടി മലയാളത്തിള ക്കംപോലുള്ള പദ്ധതിക്ക് മുൻകൈ എടുക്കും

Scanned with OKEN Scanner

- ഗണിതം ലളിതം എന്ന മനോഭാവം വളർത്തുന്ന തരത്തിൽ ഗണിത ശിൽപശാലകൾക്ക് തുടക്കം കുറിക്കും

- സാമൂഹിക വിഭവ ഭൂപടം തയ്യാറാക്കുകയും അവ സന്ദർഭോചിതമായി പാഠഭാഗത്ത് ഉൾപ്പെടുത്തും

- കലാ കായിക പ്രവർത്തിപരിചയ മേളകളിൽ കുട്ടികളുടെ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

- വിഷയമേഖലകളിൽ അധ്യാപകരുടെ ഇടപെടൽ കൂടുതൽ ഫലപ്രദമായ ഉപാധികളുടെ സഹായത്താൽ പ്രാവർത്തികമാക്കൽ

- രക്ഷിതാക്കളുടെയും, നാട്ടുകാരുടെയും ഗുണാത്മകമായ ഇടപെടൽ സ്കൂളിൽ ഉറപ്പ് വരുത്തുക;

- വിവിധ മേഖലകളിൽ പ്രശസ്തി നേടിയവരെ കുട്ടികളുമായി സംവദിപ്പിക്കുക;

- കാർഷിക സംസ്കാരത്തിന്റെ പ്രാധാന്യം പ്രവർത്തിയിലൂടെ തിരിച്ചറിയുന്നതിന്;

- പ്രാദേശിക വിഭവങ്ങൾ തിരിച്ചറിയുന്നതിനും, കണ്ടെത്തുന്നതിനും

Scanned with OKEN Scanner

- നൂതന സാങ്കേതിക വിദ്യകളുടെ വളർച്ചയോടൊപ്പം സഞ്ചരിക്കുന്നതിന് വിവര സാങ്കേതിക വിദ്യ സമൂഹിക വികാസത്തിന്റെ ഉൽപ്പന്നമാണ്. ഇന്നത്തെ വിദ്യാഭ്യാസ രീതിയിൽ ഐ.സി.ടി യുടെ ഉപയോഗം ഒഴിച്ചു കൂടാൻ കഴിയാത്തതാണ്. ഭാവിയിൽ പുത്തൻ സാങ്കേതിക വിദ്യയിലൂടെ മാത്രമേ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ.ഐ.സി.ടി. പഠനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ;
    - കമ്പ്യൂട്ടറിന്റെ പ്രാഥമിക പാഠം മനസ്സിലാക്കുക
    - കുട്ടികൾക്ക് സ്വതന്ത്രമായി കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം നൽകുക;
    - ക്ലാസ് മുറികളിൽ പാഠഭാഗങ്ങളെ ഐ.സി.ടി.യിലൂടെ അവതരിപ്പിക്കുക;
- ലൈബ്രറിയുടെ കാര്യക്ഷമമായ ഉപയോഗവും ടാലന്റ് പരീക്ഷകളും;
- ക്ലബ്ബ് പ്രവർത്തനങ്ങളും ദിനാചരണങ്ങളും കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

Scanned with OKEN Scanner

## കുട്ടിയുടെ സമഗ്രചിത്രം

ഓരോ കുട്ടിയും ഓരോ യൂണിറ്റ് ആണ്. കുട്ടിയുടെ സർവ്വതോന്മുഖ വികാസമാണ് വിദ്യാഭ്യാസം ലക്ഷ്യംവെക്കുന്നത്. അതിനാൽ കുട്ടിയെ സമഗ്രമായി അധ്യാപകർ പഠിക്കേണ്ടത് അനിവാര്യമാണ്.

**സമഗ്ര ചിത്ര രൂപീകരണത്തിൽ പ്രാധാന്യം നൽകിയ വിലയിരുത്തൽ മേഖലകൾ**

Scanned with OKEN Scanner

## 1 ഭാഷ (മലയാളം)

| | |
|---|---|
| എ | എഴുതുന്നതിൽ മികവ് പുലർത്തുന്നുണ്ട് |
| ബി | എഴുതാൻ പ്രയാസം നേരിടുന്നുണ്ട് ( ചിന്ഹങ്ങൾ/അക്ഷരങ്ങൾ ഇവയിൽ ധാരണക്കുറവ്) |
| സി | വായനയിൽ മികവ് പുലർത്തുന്നുണ്ട്. |
| ഡി | വായിക്കാൻ പ്രയാസം നേരിടുന്നു. |
| ഇ | ആശയങ്ങൾ സർഗ്ഗാത്മകമായി അവതരിപ്പിക്കുന്നുണ്ട്. |

## 2 ഗണിതം

| | |
|---|---|
| എ | ചതുഷ്ക്രിയകളിൽ ധാരണയുണ്ട് |
| ബി | ചോദ്യങ്ങൾ അപഗ്രഥിക്കാനും നിഗമനം രൂപീകരിക്കാനും കഴിയുന്നുണ്ട് |
| സി | ഒരു സംഖ്യയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയുന്നുണ്ട്. |

## 3 ഇംഗ്ലീഷ്

| | |
|---|---|
| എ | ആശയങ്ങൾ കൃത്യതയോടെ എഴുതാൻ കഴിയുന്നുണ്ട്. |
| ബി | എഴുതാൻ പ്രയാസം നേരിടുന്നുണ്ട്(spelling errors and grammatical errors) |
| സി | വായനയിൽ മികവ് പുലർത്തുന്നുണ്ട് |
| ഡി | ആശയങ്ങൾ സർഗ്ഗാത്മകമായി അവതരിപ്പിക്കുന്നു. |
| ഇ | ഇംഗ്ലീഷ് ഭാഷയോട് ഇടപെടാനുള്ള താല്പര്യം വളരെ വലുതാണ്. |

Scanned with OKEN Scanner

## കുട്ടിയുടെ സമഗ്രചിത്രം അപഗ്രഥനം

ഒന്നുമുതൽ നാലാംക്ലാസുവരെയുള്ള 76 കുട്ടികളേയും സമഗ്രമായി വിഷയാടിസ്ഥാനത്തിൽ വിലയിരുത്തിയപ്പോൾ ഓരോ വിഷയ മേഖലയിലും കുട്ടികൾ എത്രത്തോളം പഠന നേട്ടങ്ങൾ, കഴിവുകൾ നേടിയിട്ടുണ്ടെന്നും തിരിച്ചറിയാൻ അധ്യാപകർക്ക് കഴിഞ്ഞു.

ഭാഷയുമായി ബന്ധപ്പെട്ട് 5 ഘടകങ്ങൾ പരിശോധിച്ചപ്പോൾ എഴുതാൻ പ്രയാസം നേരിടുന്ന (ചിഹ്നങ്ങളും അക്ഷരങ്ങളും ഉറയ്ക്കാത്ത) 16 കുട്ടികൾ ഇന്ന് സ്കൂളിലുണ്ട്. ആശയങ്ങൾ സർഗ്ഗാത്മകമായി അവതരിപ്പിക്കാൻ കഴിവുണ്ടെങ്കിലും എഴുതാനും വായിക്കാനും പ്രയാസം നേരിടുന്നവരെ കാണാൻ കഴിഞ്ഞു. വായനയ്ക്കുള്ള അവസരം കുറയുന്നതാണ് ഇതിന്റെ പ്രധാന കാരണം. കുട്ടികൾ പാഠഭാഗത്തിനപ്പുറം വായനയിലുള്ള ഇടപെടൽ (മറ്റു പുസ്തകങ്ങൾ, പത്രങ്ങൾ) നടത്തുന്നില്ല. ഈ പ്രശ്ന നിർദ്ധാരണത്തിലുള്ള പ്രവർത്തനങ്ങൾ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ളാനിലൂടെ പരിഹരിക്കും.

ഗണിതത്തിൽ കുട്ടികളിൽ ചതുഷ്ക്രിയകളിൽ ധാരണയുണ്ട്. എന്നാൽ ഒരു പ്രശ്ന നിർദ്ധാരണ സമയത്ത് അവ പ്രായോഗികമായി വിശകലനം നടത്തി അപഗ്രഥിക്കാനും നിഗമനം രൂപീകരിക്കാനും പ്രയാസം നേരിടുന്നുണ്ട്. 11 കുട്ടികളിൽ ഈ പ്രശ്നം കാണാൻ കഴിയുന്നുണ്ട്. അതിനാൽ കൃത്യമായ ആസൂത്രണത്തോടെ കുട്ടികളിലെ പ്രശ്നം മറികടക്കാനുള്ള പ്രവർത്തനം കണ്ടെത്തുക അനിവാര്യമാണ്.

ഇംഗ്ളീഷ് ഭാഷയോട് 100% കുട്ടികൾക്കും ഇടപെടാനുള്ള താല്പര്യം വളരെ വലുതാണ്. സന്ദർഭോചിതമായി കുട്ടികൾ ഇംഗ്ളീഷ് ഭാഷ മടികൂടാതെ സംസാരിക്കുന്നത് സ്കൂളിനെ സംബന്ധിച്ച് മികവാർന്നതാണ്. സർഗ്ഗാത്മകമായി ആശയങ്ങൾ അവതരിപ്പിക്കുന്നതിലും കുട്ടികൾ കഴിവ് പുലർത്തു

ന്നുണ്ട്. 13 കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ പ്രയാസം നേരിടുന്നുണ്ട്. സ്പെല്ലിംഗ് ആന്റ് ഗ്രാമർ കുറച്ചുകൂടി പ്രവർത്തനങ്ങൾ നൽകി കുട്ടികളിൽ നൈപുണി വളർത്തേണ്ടതുണ്ട്.

പരിസര പഠനം വിശകലനം ചെയ്യുമ്പോൾ എല്ലാ കുട്ടികളും മികവാർന്ന രീതിയിൽ മുന്നിൽ നിൽക്കുന്നു. ശാസ്ത്ര സത്യങ്ങൾ തിരിച്ചറിയാനുള്ള താൽപര്യം കുട്ടികളിൽ കാണാൻ കഴിയുന്നുണ്ട്. എന്നാൽ പരീക്ഷണ സാധ്യതകൾ കണ്ടെത്തി സ്വയം പരീക്ഷണത്തിൽ ഏർപ്പെടാനും അപഗ്രഥിച്ച് നിഗമനത്തിലെത്താനുമുള്ള കഴിവ് വളർത്തേണ്ടതുണ്ട്. ആവശ്യത്തിനുള്ള ശാസ്ത്ര ലാബിന്റെ അപര്യാപ്തത ഇതിന്റെ പ്രധാന കാരണമാണ്. അവ പരിഹരിച്ച് കുട്ടികളുടെ എണ്ണത്തിനാനുപാതികമായി പരീക്ഷണ ഉപകരണങ്ങൾ സയൻസ് ലാബിൽ സജ്ജീകരിക്കുകയും സ്വതന്ത്രമായി പരീക്ഷണത്തിലേർപ്പെടാനും കുട്ടികൾക്ക് അവസരം നൽകിയാൽ ഇവ പരിഹരിക്കാൻ കഴിയും.

Scanned with OKEN Scanner

വിഷയാടിസ്ഥാനത്തിൽ
കണ്ടെത്തിയ
പ്രശ്നങ്ങളും പരിഹാര
പ്രവർത്തനങ്ങളും
അക്കാദമിക മാസ്റ്റർ
പ്ലാനിലൂടെ
ഒറ്റ നോട്ടത്തിൽ.

Scanned with OKEN Scanner

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ശാസ്ത്രത്തോടും ശാസ്ത്രസത്യങ്ങളോടും അഭിരുചി വളർത്തുക
- ശാസ്ത്ര ലബോറട്ടറിയുടെ കാര്യക്ഷമമായ പ്രവർത്തനം
- ശാസ്ത്രജ്ഞരെ അടുത്തറിയാനും സംഭാവനകൾ തിരിച്ചറിയാനും - ശില്പശാല
- ക്ലബ് പ്രവർത്തനം കൃത്യതയോടെ ആസൂത്രണം ചെയ്യുക
- കാർഷിക സംസ്കാരത്തിന്റെ പ്രാധാന്യം പ്രവർത്തിയിലൂടെ തിരിച്ചറിയുന്നു
- പ്രാദേശിക വിഭവങ്ങൾ തിരിച്ചറിയുന്നതിനും കണ്ടെത്തുന്നതിനും
- നൂതന സാങ്കേതിക വിദ്യകളുടെ വളർച്ചയോടൊപ്പം സഞ്ചരിക്കുന്നതിനും നിഗമനം രൂപീകരിക്കുന്നതിനും പ്രയോഗിക്കുന്നതിനും.

Scanned with OKEN Scanner

| പ്രശ്നം | പരിഹാരമാർഗ്ഗം | പ്രവർത്തനങ്ങൾ | സമയം | സാമഗ്രി | പിന്തുണ |
|---|---|---|---|---|---|
| 1.ദിനാചരണങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം കുറയുന്നു. | കൃത്യമായി അധ്യാപകർക്ക് ചുമതല വിഭജിച്ച് നൽകി ദിനാചരണങ്ങൾ അധ്യാപകരുടെ സഹായത്താൽ കുട്ടികൾ നടത്തുന്നു. | മാസ കലണ്ടർ (സയൻസ് കലണ്ടർ) തയ്യാറാക്കുന്നു.<br>ക്ലാസ് അടിസ്ഥാനത്തിൽ പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾക്ക് ഗ്രൂപ്പ് തലത്തിൽ ചുമതലകൾ നൽകുന്നു.<br>ശാസ്ത്ര നാടകം സ്റ്റിൽ മോഡൽ വർക്കിംഗ് മോഡൽ പോസ്റ്റർ നിർമ്മാണം രചനാ മത്സരങ്ങൾ ഇവയൊക്കെ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് 5 വർഷം | ചാർട്ട് തോർമോ കോൾ മോഡൽസ് | BRC സയൻസ് ടീച്ചർ |
| 2.ശാസ്ത്രജ്ഞരെ കുറിച്ചുള്ള ധാരണക്കുറവ്. | "ശാസ്ത്രവും - ശാസ്ത്രജ്ഞരും" | മാസം - ഒരു ശാസ്ത്രജ്ഞനെ അറിയാം - ഗ്രൂപ്പ് പ്രവർത്തനം - (ശാസ്ത്രസംഭാവനകൾ, ജീവചരിത്രം, ആപ്തവാക്യങ്ങൾ, ചിത്രം, വീഡിയോ) പ്രദർശനം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് 5 വർഷം | | PTA |
| 3.ഹരിത വൽക്കരണത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. | പി.ടി.എ യുടെ സഹായത്താൽ സ്കൂൾ പരിസരം നവീകരിക്കൽ | സ്കൂൾ അന്തരീക്ഷമ ആകർഷകമാക്കാനും കാർഷിക സംസ്കാരം തിരിച്ചറിയാനും വേണ്ടി സ്കൂൾ പരിസരത്ത് "വെർട്ടിക്കൽ ഗാർഡൻ" - നിർമ്മിക്കുന്നു, പ്രധാന കവാടം ആകർഷകമാക്കുന്നു. | ജൂൺ ജൂലൈ 2 മാസം | ചെടികൾ ചട്ടികൾ | PTA |

| | | | | | |
|---|---|---|---|---|---|
| 4. ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. | ക്ലാസ്തല ശുചിത്വക്ലബ് രൂപീകരണം | ഓരോ ക്ലാസിലും ശുചിത്വക്ലബ് രൂപീകരിക്കുന്നു. ചുമതലകൾ വിഭജിച്ച് നൽകുന്നു. (പാചകപ്പുര, ക്ലാസ്, ശുചിമുറി) അധ്യാപകരും കുട്ടികളും ചേർന്ന് പരിപാടികൾ കൃത്യതയോടെ ചെയ്യുന്നു. ഉച്ചഭക്ഷണം വൃത്തിയായി വിളമ്പുന്നതിനാവശ്യമായ പാത്രങ്ങൾ സജ്ജീകരിക്കുന്നു. | 5 മാസം | | PTA എം.എൽ. എഫണ്ട് |
| 5.ഭക്ഷ്യാവശിഷ്ടങ്ങളുടെ കൃത്യമായ സംസ്കരണം. | കമ്പോസ്റ്റ് നിർമ്മാണം | പഞ്ചായത്തിന്റെയും പി.ടി.എ. യുടേയും സഹായത്താൽ പരിചിതമായ സ്ഥലത്ത് കമ്പോസ്റ്റ് നിർമ്മിച്ച് അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുന്നു. | 1 വർഷം | കമ്പോസ്റ്റ് പ്ലാന്റ് | PTA പഞ്ചായത്ത് |

Scanned with OKEN Scanner

| പ്രശ്നം | പരിഹാരമാർഗ്ഗം | സമയം | സാമഗ്രി | പിന്തുണ |
|---|---|---|---|---|
| 6.ശാസ്ത്രത്തിലെ നൂതന സാങ്കേതിക വിദ്യകളെ ക്കുറിച്ചുള്ള ധാരണക്കുറവ് | സ്വയം വൈദ്യുത സ്രോതസ്സ് കണ്ടെത്തൽ- സ്കൂളിൽ ഒരു സോളാർ പാനൽ നിർമ്മിക്കൽ- പൂർവ്വ വിദ്യാർത്ഥിയായ അനർട്ടിൽ- പ്രവർത്തിക്കുന്ന വ്യക്തിയുടെ സഹായം തേടി ആവശ്യമായ ഉപകരണങ്ങൾ സജ്ജീകരിക്കുന്നു. കുട്ടികൾക്ക് നേർക്കാഴ്ചയുണ്ടാക്കുന്ന അനുഭവങ്ങൾ ഇതിലൂടെ ലഭിക്കുന്നു. | 5 വർഷം | | പി.ടി.എ.പൂർവ്വ വിദ്യാർത്ഥികൾ ബി.ആർ.സി. ഡയറ്റ് |
| 7.സയൻസ് ലാബ് കാര്യക്ഷമമാക്കൽ. | <u>ക്ളാസ്തല സയൻസ് ലാബ്.</u> അധ്യാപിക പാഠഭാഗങ്ങളിൽ പ്രതിപാദിക്കുന്ന പരീക്ഷണങ്ങൾ ലിസ്റ്റ് തയ്യാറാക്കി ആവ ശ്യമായ ഉപകരണങ്ങൾ കണ്ടെത്തുന്നു. പി.ടി.എയുടെ സഹായത്താൽ ഉപകരണങ്ങൾ സജ്ജമാക്കി പാഠഭാഗങ്ങൾ കൈകാര്യംചെയ്യുമ്പോൾ കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയത്തക്ക വിധം അവ ക്ളാസിൽ ക്രമീകരിക്കുകയും ചെയ്യുന്നു. | 5 മാസം | പരീക്ഷണ സാമഗ്രികൾ | പി.ടി.എ. ടീച്ചേഴ്സ് ഗ്രാൻഡ് |
| 8.ശാസ്ത്രസത്യങ്ങൾ തിരിച്ചറിയുന്നതിന് | <u>ശാ സ്ത്ര സത്യങ്ങൾ ഒരു നേർക്കാഴ്ച.</u> പാഠഭാഗങ്ങളിലെ പരീക്ഷണ സാദ്ധ്യതകൾ ക്ളാസിൽ പ്രാവർത്തികമാക്കുകയും തുടർ പഠനമെന്ന രീതിയിൽ വ്യത്യസ്ത ശാസ്ത്രത്തിന്റെ പരീക്ഷണങ്ങൾ കാണാൻ അവസരം നൽകുന്നു. വിനോദൻ മാസ്റ്ററുടെ ക്ളാസ് കുട്ടികൾക്ക് നൽകുന്നു. | 3മാസം | പരീക്ഷണ സാമഗ്രികൾ | ബി.ആർ.സി. ഡയറ്റ് റിസോഴ്സ് പേഴ്സൺസ് |

Scanned with OKEN Scanner

# ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിതം ലളിതമാക്കൽ - പ്രവർത്തനങ്ങളിലൂടെ സാധ്യമാക്കുക
- ഗണിതലാബ് കാര്യക്ഷമമാക്കുക
- അമ്മമാരുടെ സഹായത്താൽ ഗണിത ഉപകരണങ്ങൾ നിർമ്മിക്കൽ, സ്വതന്ത്രമായി കുട്ടികൾക്ക് ഉപയോഗിക്കാനുള്ള അവസരം നൽകൽ
- ഗണിതശാസ്ത്രജ്ഞരെ കൂടുതൽ അടുത്തറിയാനും സംഭാവനകൾ പരിചയപ്പെടാനും
- മനക്കണക്ക് ചെയ്യുന്നതിന് പരിശീലനം നൽകുക

Scanned with OKEN Scanner

| നമ്പർ | പ്രശ്നം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ഗണിത പഠനത്തിൽ കുട്ടികൾക്കുള്ള താല്പര്യക്കുറവ് പരിഹരിക്കുന്നതിന് ഗണിതാസ്വാദനം | ➢ ഗണിത കളികൾ : അധ്യാപിക പാഠഭാഗങ്ങളിൽ പ്രാധാന്യമർഹിക്കുന്ന കളികൾ ലിസ്റ്റ് തയ്യാറാക്കി അവയ്ക്കനുസൃതമായി പഠനവേളകളിൽ പ്രായോഗികമാക്കുന്നു.<br>➢ എല്ലാ ആഴ്ചയിലും കുട്ടികൾക്ക് വർക്ക്ഷീറ്റുകൾ (അസൈൻമെന്റ്) നൽകുന്നു.<br>➢ ക്ലാസ്തല ഗണിതശില്പശാല മാസത്തിൽ നടത്തുന്നു. രക്ഷിതാക്കളുടെ സഹായത്താൽ ഓരോ പാഠഭാഗത്തും ആവശ്യമായ ചാർട്ടുകൾ, ഉപകരണങ്ങൾ ( അളവ്, രൂപങ്ങൾ, ചതുഷ്ക്രിയകളുടെ പ്രായോഗികത) വർക്ക്ഷീറ്റുകൾ ഇവ നിർമ്മിക്കുന്നു. | 1 വർഷം | | * BRC<br>* ഗണിത അധ്യാപകർ. |
| 2 | ഗണിതലാബിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ | ➢ പാഠഭാഗങ്ങൾക്ക് ആനുപാതികമായി ഉപകരണങ്ങൾ നിർമ്മിക്കുകയും, ശേഖരിക്കുകയും ചെയ്ത 1 മുതൽ 4 ക്ലാസ് വരെ പ്രത്യേകം സജ്ജീകരിക്കുന്നു. സ്വതന്ത്രമായി കുട്ടികൾക്ക് ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | | |

Scanned with OKEN Scanner

| നമ്പർ | പ്രശ്നം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 3 | ഗണിതശാസ്ത്രജ്ഞന്മാരെ അറിയാനുള്ള പ്രവർത്തനങ്ങൾ | 1. 'ഗണിതത്തെ സ്നേഹിച്ചവർ' - ഗണിതമേള - നടത്തുന്നു. (ഗണിതശാസ്ത്രജ്ഞന്മാരുടെ ഫോട്ടോസ്, ജീവചരിത്രം, സംഭാവനകൾ, ഗണിത ഉപകരണങ്ങൾ) ഇവയുടെ പ്രദർശനം നടത്തുന്നു. സ്കൂൾ ഹാളിൽ രക്ഷിതാക്കൾ, കുട്ടികൾ, അധ്യാപകർ ഇവരുടെ ശേഖരണത്തിൽ നിന്നുമുള്ള ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. | സെപ്തംബർ | | PTA BRC |
| 4 | ഗണിതം ലളിതം | ഗണിതത്തിലെ ലാളിത്യം മനസ്സിലാക്കാനും എളുപ്പവഴികൾ തിരിച്ചറിയാനും BRC, മറ്റ് അധ്യാപകരുടെ ഏകദിന പഠനക്യാമ്പ് നടത്തുന്നു. | ജനുവരി | | PTA BRC |

Scanned with OKEN Scanner

# ആരോഗ്യകായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

- കായികപരമായ കഴിവുകൾ കണ്ടെത്തി അവ പ്രോത്സാഹിപ്പിക്കുക.
- ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- നാടൻകളികൾ തിരിച്ചറിയാനും അവയിൽ ഏർപ്പെടാനും.
- ഇൻഡോർ, ഔട്ട്ഡോർ ഗെയിമുകളെ കുറിച്ച് ധാരണ വളരുക. ഗെയിം ഉപകരണങ്ങൾ തിരിച്ചറിയുക.
- വ്യക്തിശുചിത്വം, പരിസര ശുചിത്വം ഇവ പാലിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- പ്രാദേശിക കായികതാരങ്ങളെ അടുത്തറിയാനും അഭിമുഖ സംഭാഷണത്തിൽ ഏർപ്പെടാനും.

Scanned with OKEN Scanner

| നമ്പർ | പ്രശ്നം | പ്രവർത്തനങ്ങൾ | സമയം | സാമഗ്രി | പിന്തുണ |
|---|---|---|---|---|---|
| 1 | കായികക്ഷമത വളർത്തുന്നതിന് | 1. ക്ലാസ് അടിസ്ഥാനത്തിൽ വിഷയങ്ങൾ തരംതിരിച്ച് ഓരോ വിഷയത്തിലെയും ഓരോ പാഠഭാഗങ്ങളിലും വരുന്ന കളികൾ അധ്യാപിക ലിസ്റ്റ് ചെയ്ത് മാസകലണ്ടർ പ്രദർശിപ്പിക്കുന്നു - ഇടവേളകളിൽ അവ പ്രായോഗികമായി നിറവേറ്റുന്നു.<br>2. നാടൻകളികൾ പ്രത്യേകം ലിസ്റ്റ് ചെയ്ത് കളിക്കാനും അവസരം നൽകുന്നു. | 1 വർഷം | | അധ്യാപകർ |
| 2 | ശില്പശാല | 1. നാടൻകളികളും മറ്റ് കളികളും പരിചയപ്പെടൽ. സ്കൂൾ ഹാളിൽ വ്യത്യസ്ത കളികൾ (ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, ഹോക്കി, ഷട്ടിൽ ബാറ്റ്, കാരംസ്, ചെസ്, സ്കിപ്പിംഗ്, ലുഡോ, സ്നെയ്ക് ആന്റ് ലേഡർ - തുടങ്ങി ഇൻഡോർ ഔട്ട്ഡോർ ഗെയിമുകളെ അടുത്തറിയാനുള്ള അവസരം നൽകുന്നു. ഗെയിമിന്റെ രൂപം, ആവശ്യമായ ഉപകരണങ്ങൾ, പ്രശസ്ത കളിക്കാർ ഇവയെല്ലാം പരിചയപ്പെടുത്താനായി ശില്പശാല.<br>രക്ഷിതാക്കളുടെ സഹായത്താൽ നടത്തുന്നു. | ജനുവരി | | PTA<br>BRC<br>പ്രാദേശിക സ്രോതസ്സുകൾ |
| 3 | അഭിമുഖം | 1. പ്രാദേശിക സ്രോതസ്സുകളെ പ്രയോജനപ്പെടുത്തുന്നു. | ആഗസ്ത് | | PTA |

| | | | | | |
|---|---|---|---|---|---|
| | കായികതാരങ്ങളുമായി | 2. അഭിമുഖം നടത്തുന്നതിനു മുന്നോടിയായി ചോദ്യാവലി തയ്യാറാക്കുന്നു.<br>3. എഡിറ്റ് ചെയ്യുന്നു.<br>4. ക്രോഡീകരണം നടത്തുന്നു. | | | മുഖ്യാതിഥി |
| 4 | ഫീൽഡ് ട്രിപ്പ് | 1. നാലാം ക്ലാസിലെ മലയാള പാഠഭാഗവുമായി ബന്ധപ്പെട്ട് 'രസിതം' - വള്ളംകളി നടത്തുന്ന സ്ഥലത്തേക്ക് ഒരു യാത്ര.<br>2. ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, ഷട്ടിൽബാറ്റ് ഇവ നേരിൽ കാണാൻ അവസരം നടത്തുന്നു. | ഫിബ്രുവരി | | PTA<br>അധ്യാപകർ |

Scanned with OKEN Scanner

# മലയാളം

## ലക്ഷ്യങ്ങൾ

- ചിഹ്നങ്ങളും അക്ഷരങ്ങളും ഉചിതമായി ഉപയോഗിച്ച് ആശയങ്ങൾ പ്രകടിപ്പിക്കുക.
- വാക്യഘടന പാലിച്ചുകൊണ്ട് എഴുതൽ
- ഭാഷാശേഷികൾക്ക് (ശ്രവണം, ഭാഷണം, വായന, ലേഖനം) പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- മാഗസിൻ, ചുമർ മാസിക എന്നിവയുടെ നിർമ്മാണം
- കുട്ടികളെ മികച്ച വായനക്കാരാക്കുക
- പിന്നോക്കക്കാരെ കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- പ്രാദേശിക സ്രോതസ്സുകളുപയോഗിച്ച് വായനാസാമഗ്രികൾ രൂപപ്പെടുത്തുക.

Scanned with OKEN Scanner

| പ്രശ്നം | പരിഹാര പ്രവർത്തനം | പ്രക്രിയ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| മലയാള ഭാഷയിലെ ചിഹ്നങ്ങളും അക്ഷരങ്ങളും ചേർത്ത് തെറ്റുകൂടാതെ എഴുതാൻ പ്രയാസപ്പെടുന്നു. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | **ചിത്രവായന**<br>ചിത്രങ്ങൾനോക്കി വാചികമായി പറയൽ<br>ചിത്രത്തിൽ കാണുന്ന വലിയ രൂപങ്ങൾ വരയ്ക്കുന്നു.<br>അവയുടെ പേര് എഴുതുന്നു.<br>വ്യത്യസ്ത ചിത്രങ്ങൾ/ആനിമേറ്റഡ് വീഡിയോ ഇവയുടെ സഹായത്താൽ കാണുന്ന കാഴ്ചകൾ (പദം) എഴുതി അവതരിപ്പിക്കുന്നു.<br>2.**അക്ഷരം ഉറപ്പിക്കൽ**<br>ഒരേ അക്ഷരങ്ങൾ<br>(കുട്ടി അറിയാതെ അധ്യാപിക മന;പ്പൂർവ്വം ഒരേ അക്ഷരങ്ങൾ ആവർത്തിച്ച് വരുന്ന വാക്കുകൾ എഴുതുന്നു. കളികളിലൂടെ അവതരിപ്പിക്കുന്നു). മരത്തിൽ മണമുള്ള മഞ്ഞപ്പൂവ് മയങ്ങുന്നു.<br>3.**ചിഹ്നങ്ങൾ ഉറപ്പിക്കൽ**<br>വാക്കുകൾ എഴുതിയ കാർഡ്<br>വർക്ക്ഷീറ്റുകൾ<br>വാക്കുകൾ നിർമ്മിക്കാം<br>വായനാ കാർഡ്നൽകുന്നു-<br>ഗൃഹപാഠ വായന<br>4.**ഞാനും അമ്മയും** ക്യാമ്പ് സംഘടിപ്പിക്കുന്നു. അമ്മയുടെ സഹായത്താൽ ക്ലാസ് ലൈബ്രറിയിലേക്ക് വേണ്ട വായനാ കാർഡ് നിർമ്മാണം. കുട്ടി സ്വയം ആശയ | 6 മാസം | വ്യത്യസ്ഥ ആനിമേറ്റഡ് ചിത്രങ്ങൾ<br>* സി.ഡി<br>*ചാർട്ട്<br>*പാട്ടുകൾ<br>*കുട്ടിക്കവിതകൾ<br>*പദകാർഡ്<br>*വായനാ കാർഡ് | അധ്യാപിക<br>പി.ടി.എ<br>ബി.ആർ.സി.<br>എം.പി.ടി.എ. |

| | | | | | |
|---|---|---|---|---|---|
| | | വ്യക്തതയോടെ എഴുതി അവതരിപ്പിക്കുന്നു.<br>5. വായനോത്സവം സംഘടിപ്പിക്കുന്നു.<br>കുട്ടികൾ സ്വയം എഴുതി തയ്യാറാക്കിയ കൈപ്പുസ്തകം പ്രകാശനവും കുട്ടികൾ സഹപാഠികളുടെ ഉൽപ്പന്നം വായിക്കുകയും ചെയ്യുന്നു.<br>6.വായനാനുഭവം പങ്കുവെക്കൽ.<br>7.അടിക്കുറിപ്പ് മത്സരം.<br>(ആഴ്ചതോറും നടത്തുന്നു)<br>8.കഥകൾ കവിതകൾ പൂർത്തിയാക്കൽ<br>9. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക്അമ്മമാരുടെ ക്ലാസ്<br>ആഴ്ചയിൽ ഒരു ദിവസം താൽപര്യമുള്ള അമ്മമാർ സ്കൂളിലെത്തി 1 മണിക്കൂർ കുട്ടികളോടൊപ്പം. | | പുസ്തകങ്ങൾ | |
| 2.വായനയിൽ കുട്ടികൾക്ക് പ്രയാസം നേരിടുന്നു. | കുട്ടിയെ മികച്ച വായനക്കാരാക്കുക (വായനയിലൂടെ അറിവ്) | 1.ക്ലാസ് ലൈബ്രറി കാര്യക്ഷമതയോടെ പ്രവർത്തിക്കൽ<br>അധ്യാപിക ഓരോ പാഠഭാഗത്തിലും കുട്ടി നേടേണ്ട പഠനനേട്ടങ്ങൾ എഴുതിയ ചാർട്ട്(പി.ടി.എയിൽ അവതരണം (ജൂൺ)- പഠനനേട്ടങ്ങൾ കൈവരിക്കാൻ ഏതൊക്കെ പുസ്തകങ്ങൾ സഹായിക്കും. ലിസ്റ്റ് തയ്യാറാക്കുന്നു. | 1 വർഷം | ചിത്രങ്ങൾ | |

Scanned with OKEN Scanner

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ അധ്യാപികയും രക്ഷിതാക്കളും ചേർന്ന് കണ്ടെത്തുന്നു. ലൈബ്രറിയിൽ സജ്ജീകരിക്കുന്നു. പാഠഭാഗം വിനിമയം ചെയ്യുന്ന സമയത്ത് കുട്ടികൾക്ക് സ്വതന്ത്രമായി ലൈബ്രറിയിൽനിന്നും അധികവായനയ്ക്ക് അവസരം നൽകുന്നു.<br>2.<u>വായനാക്യാമ്പ്</u><br>അമ്മയും കുട്ടിയും അധ്യാപികയും ചേർന്ന് ക്ലാസ് ലൈബ്രറിയിൽ ആവശ്യമായ ചെറുപുസ്തകങ്ങൾ നിർമ്മിക്കുന്നു.<br>3.<u>പത്രവാർത്ത</u><br>ക്ലാസിൽ ഗ്രൂപ്പ്തലത്തിൽ പ്രധാന വാർത്തകൾ-ദിവസവും അവതരണം-കൊളാഷ് രൂപത്തിൽ<br>4.<u>ഗ്രന്ഥ ശാലാ സന്ദർശനം</u><br>നാട്ടിലെ ഗ്രന്ഥശാലകൾ നേരിൽകാണുകയും അവിടെയുള്ള പുസ്തകങ്ങളെ പരിചയപ്പെടുകയും ചെയ്യൽ.<br>5.ദിനാചരണങ്ങളിൽ കുട്ടികൾതന്നെ-ആ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരശേഖരണം നടത്തി<br>'<u>ഇന്നത്തെ ദിനം-അറിയേണ്ടതെല്ലാം</u>' പത്രം പ്രസിദ്ധീകരിക്കുന്നു- സ്കൂളിൽ വിതരണം ചെയ്യുന്നു.<br>6.<u>എന്റെ വായനാനുഭവം</u><br>*ആഴ്ചയിൽ ഒരു കുട്ടി ഒരു | | | പി.ടി.എ.<br><br>നാട്ടിലുള്ള റിസോഴ്സുകൾ ബാലൻ മാസ്റ്റർ.<br><br>ലൈബ്രേറിയൻ-അഭിമുഖം റസാക്ക് കല്ലേരി. |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | പുസ്തകം * ആ ആഴ്ചയിൽ വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് എഴുതി പ്രസിദ്ധീകരിക്കുന്നു.<br>**7.മാഗസിൻ പ്രകാശനം.**<br>മാസത്തിൽ ഒരു മാഗസിൻ. 1 മുതൽ 4 ക്ളാസുകളിലെ കുട്ടികൾ തയ്യാറാക്കിയ കവിതകൾ, കഥകൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, കാർട്ടൂൺ, ഇവ പ്രസിദ്ധീകരിക്കുന്നു. സ്കൂൾ ലൈബ്രറിയിലേക്ക് നൽകുന്നു.<br>**8.വായനാകളരി**<br>ആഴ്ചയിലൊരിക്കൽ വായിച്ച പുസ്തകങ്ങളെക്കുറിച്ച് അവതരണം-പ്രസംഗ നൈപുണി വളർത്തുന്നതിന് ഇവ പ്രത്യേകം ശ്രദ്ധിക്കുന്നു.<br>9.**ഞങ്ങളുടെ ലൈബ്രറി** -സ്കൂൾ ലൈബ്രറി, ക്ളാസ് ലൈബ്രറി-യിലുള്ള പുസ്തകങ്ങളുടെ പേരുകൾ, കർത്താക്കൾ-ഇവയുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ - കുട്ടികൾതന്നെ അവയ്ക്ക് നേതൃ ത്വം നൽകുന്നു.<br>10.**അഭിമുഖം**<br>ലൈബ്രറിയനുമായി ഒരു അഭിമുഖം നടത്തുന്നു. ചോദ്യാവലി ക്ളാസിൽ രൂപീകരിച്ച് മുൻകൂട്ടി തയ്യാറാക്കുന്നു. (അഭിമുഖം-റസാഖ് കല്ലേരി. | | മാഗസിൻ ചിത്രങ്ങൾ<br><br>പുസ്തകങ്ങൾ | |

# ENGLISH

## OBJECTIVES

1) To improve interest towards English language.
2) To increase basic skills in English (Listening, Speaking and Writing) through various programmes.
3) To make all students as a best writer.
4) To ensure every students write discourses without any spelling and grammatical errors.
5) To develop students performance skills.
6) To make involvement in club activities. (Hello English)

Scanned with OKEN Scanner

| Sl.No. | Programmes | Activities | Duration | Materials | Supporters |
|---|---|---|---|---|---|
| 1 | To develop interest on English Language. (By comparing their mother tongue (Malayalam) students did not get a huge chance to her English language. It will effect them to create lack of interest on English language. As a teacher it is our primary task to develop interest towards English language). | <u>**Games**</u><br>• Cap changing<br>• Letter game<br>• Fruits salad<br><br>**To Connect every learning objective with a game and try to presenting in the class room.**<br>• Singing rhymes with proper tune and steps.<br>• (choreo grahpy) Presentation using puppets.<br>• Role plays.<br>• Introducing puzzles.<br>• English fest. | 1-2 Months | Tools for games. (Cap, Ribbon etc.)<br><br>Books<br><br>Speaker<br><br>Masks | *Teacher<br><br>*P.T.A |
| 2 | To Develop listening skill | Game, Tongue twister.<br>English assembly<br><u>Sound waves</u>: [give chances to hear the audio clips of any songs and stories – and make a session to introduce their review]<br>Story gap filling. | | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | News hearing<br>Sound identification: gives changes to hear the sounds of animals, persons, birds, things and let the students to speak the hidden things. | 6 months | C D<br>Stories, rhymes<br>News bulletin | P.T.A |
| 3 | To develop speaking skills | Make class room full of English world.<br>Games<br>Circle game<br>[I am ..<br>I am from..<br>I like…]<br>Role plays of animals, birds, and other natural things.<br>Drama presentation<br>While complete a story from the text book give chance to our students that; to perform that particular story in the class or in an assembly.<br>Review presentation [after hearing a story/other discourse]<br>(with friends | 1 year | Vedios of English stories.<br>Model interviews.<br>Model speech by | *Resource from the village.<br>*Students From senior Classes 3rd |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | With guest<br>With special guest)<br>Interview<br>Give chance to speak certain things [based on pictures]<br>Making conversation<br>Spoken English class | | Famous speakers | and $4^{th}$ |
| 4 | To improve reading ability | Make class library meaningful.<br>One book one week: Students make a pocket dictionary/book for their class library.<br>Make use of reading cards.<br>Reading competition<br>English fest. | | Books | |
| 5 | To improve writing skill and avoid spelling errors. | Drawing letters.<br><br>Making picture dictionary<br>Picture writing<br>Provide grammar class [Simple grammatical parts from the text book]<br>Use of letter cards<br>Provide an object and let the students to write about it.<br>Cartoon writings<br>Conversation writing. | 2 years | Photos<br>Model<br>Dictionary | - |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | Taking a membership in libraries.<br>Making books themselves.<br><u>My favorite writer:</u><br>One writer in every month.<br>Teachers and parents Provides students different books of a same author. And the child should learn the characteristics of the authors writing style and she/he is got a chance to write about that famous writer. | | | |

Scanned with OKEN Scanner

ഭിന്നശേഷിയിലുള്ള

കുട്ടികൾക്കായ്

ഒരു കൈത്താങ്ങ് പ്രവർത്തനം

# "അമ്മയോടൊപ്പം"

Scanned with OKEN Scanner

| മേഖല | പ്രവർത്തനങ്ങൾ | സമയം | സാമഗ്രി | പിന്തുണ |
|---|---|---|---|---|
| 1. ഭിന്നശേഷിയിലുള്ള കുട്ടികളുടെ പുരോഗതി ഉറപ്പുവരുത്തുന്നതിന്. | സ്കൂളിൽ ഉള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് രക്ഷിതാക്കളുടെയും സഹായത്തോടെ പ്രത്യേക പഠനക്യാമ്പ്, ക്ലാസ് സംഘടിപ്പിക്കുന്നു. താല്പര്യമുള്ള രക്ഷിതാക്കളെ CPTA യിൽ നിന്നും കണ്ടെത്തി ആഴ്ചയിൽ 2 മണിക്കൂർ എന്ന രീതിയിൽ പ്രത്യേക പഠനസൗകര്യം ഒരുക്കുന്നു. BRC തലത്തിലുള്ള ഇടപെടൽ ഉറപ്പുവരുത്തുന്നു. | 1 വർഷം | | PTA<br>BRC |

Scanned with OKEN Scanner

# സാമ്പത്തികം

അക്കാദമിക മാസ്റ്റർ പ്ലാൻ പ്രായോഗിക തലത്തിലേക്ക് ഉയർത്താൻ വിവിധ ഏജൻസികളുടെ സഹായവും സഹകരണവും ലഭിക്കേണ്ടതുണ്ട്.

എം.പി., എം.എൽ.എ. ഫണ്ടുകൾ, സാമൂഹിക സംഘടനകളുടെ സഹായം തുടങ്ങിയവ അവയിൽ ഉൾപ്പെടുന്നു. ഈ സഹായ ഘടകങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിൽ വരുത്തുന്നതിനും വിവിധ തലത്തിലുള്ള (രാഷ്ട്രീയ സാമൂഹിക പൂർവ്വ വിദ്യാർത്ഥി പ്രതിനിധികൾ ജനകീയ കൂട്ടായ്മ) കൂട്ടായ്മകളുടെ ഇടപെടൽ ചേന്ദമംഗലം എൽ.പി.സ്കൂൾ ഉറപ്പു വരുത്തിക്കൊണ്ട് ചില പദ്ധതികളും അവയുടെ ഏകദേശ ചെലവും സമാഹരിക്കാനുള്ള മാർഗ്ഗവും രേഖപ്പെടുത്തുന്നു.

| നമ്പർ | പദ്ധതി | ചെലവ് | പിന്തുണ |
|---|---|---|---|
| 1 | പഠനോപകരണ ശില്പശാല (മാസംതോറും നടത്തുന്നത്) | 5000/- | • PTA |
| 2 | സോളാർ പാനൽ (5 വർഷം കൊണ്ട്) | 1,50,000/- | • PTA<br>• പൂർവ്വ വിദ്യാർത്ഥികൾ<br>• ജനകീയ കൂട്ടായ്മകൾ |
| 3 | കമ്പ്യൂട്ടർ (5 കമ്പ്യൂട്ടർ – 3 വർഷം കൊണ്ട്) | 2,00,000/- വരവ് :50,000 (2017) സ്കൂളിന് ലഭിച്ചു | • എം.എൽ.എ. ഫണ്ട്<br>• PTA<br>• ജനപ്രതിനിധികൾ |
| 4 | വെർട്ടിക്കൽ ഗാർഡനിംഗ് (1 വർഷം കൊണ്ട്) | 10,000/- | • PTA<br>• പൂർവ്വ വിദ്യാർത്ഥികൾ |
| 5 | സ്കൂളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി CCTV സ്ഥാപിക്കുന്നു (3 വർഷം കൊണ്ട്) | 11,000/- | • PTA |
| 6 | കമ്പോസ്റ്റ് (2 മാസം) | 5,000/- | • പഞ്ചായത്ത് |

Scanned with OKEN Scanner

| | | | |
|---|---|---|---|
| ൭ | ക്ലബ് പ്രവർത്തനങ്ങൾ<br>(Talent Club, Camp) | 10,000/ | • PTA<br>• പൂർവ്വ വിദ്യാർത്ഥികൾ<br>• ജനകീയ കൂട്ടായ്മകൾ |
| ൮ | ലാബ് ഉപകരണങ്ങൾ<br>(൧ വർഷം) | 10,000/- | • എം.പി. ഫണ്ട്<br>• പഞ്ചായത്ത്<br>• ഹെൽത്ത് സെന്ററുകൾ |
| ൯ | ലൈബ്രറി<br>(൬ മാസം) | 20,000/- | • PTA<br>• പൂർവ്വ വിദ്യാർത്ഥികൾ<br>• ജനകീയ കൂട്ടായ്മകൾ |

Scanned with OKEN Scanner

ചേന്ദമംഗലം എൽ.പി.സ്കൂൾ

തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ

സമയനിഷ്ഠമായും ഫലപ്രദമായും

പ്രാവർത്തികമാക്കി

വിദ്യാലയത്തെ

മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ

കഴിയുമെന്ന

വിശ്വാസത്തോടെ സമർപ്പിക്കുന്നു.

Scanned with OKEN Scanner